DHS/3467/2022-EA1

I/30797/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ-ഡോ. സുരേഷ്‌ലാൽ. എസ്, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) ജോലിയിൽ നിന്നും വിട്ടു നിന്ന 19.06.2022 മുതൽ 25.08.2022 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം ഇ. എ1-89242/2021/ ആ.വ.ഡ തീയതി 17.06.2022

2. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 15.09.2022, 04.02.2023 തീയതികളിലെ കത്ത് നം. എ1-18892/2022

**ഉത്തരവ് നം. ഇ.എ1 -3467/2022/ആ.വ.ഡ തീയതി : 13-03-2023**

പൊതു സ്ഥലമാറ്റം 2021 ന്റെ ഭാഗമായി പരാമർശം (1) പ്രകാരം കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടിയിലേക്കു സ്ഥലം മാറ്റിയ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. സുരേഷ് ലാൽ. എസ്- നെ ടിയാന് പകരം കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ച ഡോ. ജിതിൻ.ജി.നായർ ജോലിയിൽ പ്രവേശിച്ചതിനെത്തുടർന്നു 18.06.2022 നു വിടുതൽ ചെയ്യെങ്കിലും ബഹു.KAT യുടെ OA -1092/ 2022 ലെ 21.06.2022 ലെ stay order ന്റെ അടിസ്ഥാനത്തിൽ ടിയാൻ സ്ഥലം മാറ്റിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ബഹു.KAT യുടെ OA -1092/ 2022 ലെ 24.08.2022 ലെ ഉത്തരവിൽ സ്റ്റേ റദ്ദാക്കിയതിനെ തുടർന്ന് 26.08.2022 നു മാത്രമാണ് ടിയാൻ ഗവ മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടിയിൽ ജോലിയിൽ പ്രവേശിച്ചത്. ആയതിനാൽ ജോലിയിൽ നിന്നും വിട്ടു നിന്ന 19.06.2022 മുതൽ 25.08.2022 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനായി ടിയാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഡോ. സുരേഷ്‌ലാൽ.എസ്, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) യെ 19.06.2022നു കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്ത ശേഷം 26.08.20222നു തിരികെ ജോലിയിൽ പ്രവേശിച്ച കാലയളവ് വരെ ടിയാൻ ആരോഗ്യ വകുപ്പിൽ യാതൊരു കർത്തവ്യങ്ങളും നിർവഹിച്ചിട്ടില്ല എന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടിയാൻ ജോലിയിൽ നിന്നും വിട്ടു നിന്ന 19.06.2022 മുതൽ 25.08.2022 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു. അവധി അനുവദിക്കുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേണ മേലധികാരിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

ഒപ്പ്/-

ഡോ.റീന.കെ.ജെ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. സുരേഷ്‌ലാൽ.എസ്, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ), ഗവ.മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി, എറണാകുളം

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ, എറണാകുളം
3. സൂപ്രണ്ട്, ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി
4. ഫയൽ/കരുതൽ ഫയൽ.

Thury.G

Sr Supdt